# 45. ഇന്ത്യയിൽ ദേശീയത

ഒരേ പൈതൃകവും സംസ്കാരവും ചരിത്രവും ഉള്ളവരും ഒരേ ഭാഷ സംസാരിക്കുന്നവരും നിയതങ്ങളായ അതിർത്തികൾക്കുള്ളിൽ ഒരേ പ്രദേശത്തിൽ താമസിക്കുന്നവരും ഒരേ ഭരണവ്യവസ്ഥയ്ക്കു വിധേയരുമായ ജനവർഗങ്ങളോ ജനസമൂഹങ്ങളോ ആണ് സാധാരണയായി ഒരു രാഷ്ട്രം (നേഷൻ) എന്നു വിവരിക്കപ്പെടുന്നത്. പക്ഷേ, ഈ സവിശേഷതകളിൽ ചിലത് ഉണ്ടായേക്കാമെന്നല്ലാതെ എല്ലാം ഒരു രാഷ്ട്രത്തിലും ഒത്തുചേർന്നു കാണാറില്ല.

ഭൗതികങ്ങളായ സവിശേഷതകളെക്കാളേറെ രാഷ്ട്രീയങ്ങളും (പൊളിറ്റിക്കൽ) സാമൂഹ്യങ്ങളുമായ പ്രശ്നങ്ങളോടുള്ള ഏകരൂപങ്ങളോ സമാനങ്ങളോ ആയ പ്രതികരണങ്ങളും സമീപനങ്ങളുമാണ് ഒരു ജനസമൂഹത്തെ രാഷ്ട്രം എന്ന പദവിക്ക് അർഹമാക്കുന്നത് എന്നു കരുതുന്നതായിരിക്കും യാഥാർത്ഥ്യത്തോടു കൂടുതൽ പൊരുത്തപ്പെടുക. ഒരേ ഭാഗധേയത്തിൽ പങ്കാളിത്തമുള്ളവരാണു തങ്ങൾ എന്നും ഒരേ ജീവിതലക്ഷ്യങ്ങളാണു തങ്ങളെ പ്രചോദിപ്പിക്കുന്നത് എന്നുമുള്ള വിശ്വാസത്തിന്റെ ഫലമായി മറ്റു ജനവിഭാഗങ്ങളിൽനിന്നെല്ലാം തങ്ങളെ വ്യത്യസ്തരാക്കുന്ന ഒരു ഏകത്വം തങ്ങൾക്കുണ്ടെന്ന ദൃഢബോധം ഉൾക്കൊള്ളുന്ന ജനസമൂഹമാണ് ഒരു രാഷ്ട്രം. രാഷ്ട്രമെന്ന സമഷ്ടിയോട് അതിലെ അംഗങ്ങളായ വ്യക്തികൾക്ക് അനുഭവപ്പെടുന്ന അഗാധവും സുശക്തവും വികാരാത്മകവും സ്വയംപ്രേരിതവുമായ കൂറിനു കാരണമായി വർത്തിക്കുന്ന ഈ ഐക്യബോധമത്രേ ദേശീയത (നാഷണലിസം).

ഫ്രഞ്ച് വിപ്ലവത്തെത്തുടർന്ന് യൂറോപ്പിലെ രാജ്യങ്ങളിലാണ് ഇന്നു നാം സങ്കല്പിക്കുന്ന രൂപത്തിലുള്ള ദേശീയത വികസിച്ചുവന്നതെന്നു പറയാറുണ്ട്. എങ്കിലും ആ വിപ്ലവം നടക്കുന്നതിന് എത്രയോ മുമ്പുതന്നെ കരുത്തുറ്റ രാജവാഴ്ചകൾക്കു കീഴിൽ യൂറോപ്പിലെ വിഭിന്ന പ്രദേശങ്ങളിൽ ദേശീയത ഒരു ബഹുജനവികാരമായി രൂപപ്പെട്ടുകഴിഞ്ഞിരുന്നു. ആദികാല മുതലാളിത്ത സമ്പദ്‌വ്യവസ്ഥയും അതിന്റെ കീഴിൽ ഉരുത്തിരിഞ്ഞു വളർച്ചനേടിയ 'ഇടത്തരക്കാർ' എന്ന വർഗവും ദേശീയതയുടെ വികാസത്തെ ത്വരിപ്പിച്ച ഘടകങ്ങളാണ്. സാമ്രാജ്യത്വവാഴ്ചയുടെ കാലഘട്ടത്തിൽ അടിച്ചമർത്തപ്പെട്ട രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരങ്ങൾക്കു ദേശീയത ഉത്തേജനം നൽകിപ്പോന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആഭ്യന്തരകലഹങ്ങളാൽ രാഷ്ട്രം ശിഥിലമായിപ്പോകാതെ തടയുന്ന മുഖ്യശക്തി ദേശീയതയാകുന്നു. ചരിത്രപരങ്ങളായ കാരണങ്ങളാൽ വിഭജിക്കപ്പെട്ടുപോയ രാഷ്ട്രഭാഗങ്ങളുടെ പുനരേകീകരണത്തിനു ദേശീയത വഴിയൊരുക്കുന്നു. ഭൗതികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ മറ്റു ജനതകളോടൊപ്പമോ സാദ്ധ്യമെങ്കിൽ അവരെക്കാൾ കൂടുതലോ നേട്ടങ്ങൾ കൈവരിക്കണമെന്ന ആരോഗ്യകരമായ മത്സരബുദ്ധി ജനസമൂഹങ്ങളിൽ വളർത്താനും ദേശീയത ഉപകരിക്കുന്നു.

നിർമാണാത്മകങ്ങളായ ഈ വശങ്ങൾക്കു പുറമെ മറ്റു ജനതകളെ അധമരായി കാണാനും അവരുമായി നിരന്തര കലഹത്തിലേർപ്പെടാനും ജനങ്ങളെ പ്രേരിപ്പിക്കുകയെന്ന നിഷേധാത്മകമായ ഒരു വശവും ദേശീയതയ്ക്കുണ്ട് എന്നതു വിസ്മരിച്ചുകൂടാ. തങ്ങളുടെ രാഷ്ട്രം അല്ലെങ്കിൽ അതിലെ സർക്കാർ ചെയ്യുന്നതെന്തും ശരിയാണെന്നും അതു് അങ്ങനെയല്ലെന്നു കരുതുന്നവർ ബലപ്രയോഗത്തിലൂടെ അമർച്ചചെയ്യപ്പെടേണ്ട രാഷ്ട്രദ്രോഹികളാണെന്നുമുള്ള ധാരണ ഇടുങ്ങിയ ദേശീയതയുടെ ഫലമായി വ്യത്യസ്ത കാലഘട്ടങ്ങളിൽ പല ജനതകളിലും വേരൂന്നി വളരുകയുണ്ടായിട്ടുണ്ട്. ഒരു രാഷ്ട്രത്തിലെ ജനങ്ങളുടെ ദേശീയത

മറെറാരു രാഷ്ട്രത്തിലെ ജനങ്ങളോടുള്ള ശത്രുതയായി പരിണമിച്ച ദൃഷ്ടാന്തങ്ങളും കുറവല്ല.

ഒരേ രാഷ്ട്രത്തിനകത്തുള്ള വ്യത്യസ്ത പ്രദേശങ്ങളിലെ വിഭാഗീയ ദേശീയതകൾ പരസ്പരം കലഹിച്ച് രാഷ്ട്രത്തെ ദുർബലവും ശിഥിലവുമാക്കിയതിനും ഉദാഹരണങ്ങളുണ്ട്.

തികച്ചും ആധുനികമായ അർത്ഥത്തിലല്ലെങ്കിലും വിശാലമായ ഒരുതരം ദേശീയത സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ ഭാരതീയർക്കു പരിചിതമായിക്കഴിഞ്ഞിരുന്നു.

ഉത്തരം യത് സമുദ്രസ്യ
ഹിമാദ്രേശ്ചൈവ ദക്ഷിണം
ദേശോഽയം ഭാരതം നാമ
ഭാരതീ യത്ര സന്തതിഃ

എന്ന സുപ്രസിദ്ധമായ വിഷ്ണുപുരാണപദ്യം ഹിമാലയത്തിനും സമുദ്രത്തിനുമിടയ്ക്കുള്ള ഭൂപ്രദേശത്തിന്റെയും അതിൽ നിവസിക്കുന്ന ജനസമൂഹത്തിന്റെയും ഐക്യത്തെയാണു പ്രഖ്യാപിക്കുന്നതു്. ഹിമാലയത്തിനും സമുദ്രങ്ങൾക്കുമിടയ്ക്കുള്ള ഭൂപ്രദേശത്തിലെ രാജാക്കന്മാരെ മുഴുവൻ കീഴടക്കി ചക്രവർത്തിബിരുദം നേടുകയെന്നതിൽ ഒതുങ്ങിയിരുന്നു, കൗടില്യന്റെ കാലംമുതൽ ഇന്ത്യയിലെ എല്ലാ ഭരണാധികാരികളുടേയും മഹത്ത്വാകാംക്ഷ. മുഗൾചക്രവർത്തിമാർ ഭാഗികമായും ഇംഗ്ലീഷുകാർ പൂർണമായും ഭാരതത്തിൽ സാക്ഷാൽക്കരിച്ച സ്വപ്നവും മറെറാന്നായിരുന്നില്ല. വർഗപരവും സാംസ്കാരികവും ഭാഷാപരവും ഭരണവ്യവസ്ഥാപരവുമായ അന്തരങ്ങൾ നിലനിന്നപ്പോഴും ഭൂപ്രദേശപരമായ ഐക്യത്തിൽ അധിഷ്ഠിതമായ ദേശീയത ചരിത്രകാലത്തിലാകെ ഇന്ത്യയിൽ നിലനിന്നിരുന്നു എന്നതു് അസന്ദിഗ്ദ്ധമായ വസ്തുതയാകുന്നു.

സ്വതന്ത്രഭാരതം അതിന്റെ നിർമാണാത്മകമായ ദേശീയത പടുത്തുയർത്തേണ്ടതു പ്രാചീനമായ ഈ അസ്തിവാരത്തിന്മേലാണു്. ഏതു വൈരുദ്ധ്യത്തെയും സമന്വയിക്കുന്നതിനു കഴിവുള്ള ഹിന്ദുമതവും ഭാരതീയ ദർശനങ്ങളും ഇന്ത്യൻ ദേശീയതയെ ശക്തിപ്പെടുത്തുന്നതിനു് ഉപകരിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, രാഷ്ട്രം മതനിരപേക്ഷമാകണമെന്നു് അനുശാസിക്കുന്ന നമ്മുടെ ഭരണഘടന മതാധിഷ്ഠിതമായ ദേശീയതയെ ഒരുവിധത്തിലും പ്രോത്സാഹിപ്പിക്കുന്നില്ല. ഹിന്ദി ഭരണഭാഷയായിരിക്കണമെന്നു തീരുമാനിച്ചിട്ടുണ്ടെങ്കിൽക്കൂടി ഭാഷകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനർവിഭജിച്ചപ്പോൾ നാം ചെയ്തതു് ഇന്ത്യൻ ദേശീയതയുടെ അടിസ്ഥാനമെന്ന നില ഫലത്തിൽ ഭാഷകൾക്കു നിഷേധിക്കുകയായിരുന്നു. വിസ്തൃതമായ ഈ ഭൂഖണ്ഡത്തിലെ വിഭിന്ന ജനവർഗങ്ങൾ തമ്മിൽ സാംസ്കാരികമായ കൊള്ളലും കൊടുക്കലും സഹസ്രാബ്ദങ്ങളിലൂടെ നിരന്തരമായി തുടർന്നുവന്നിട്ടുണ്ടെങ്കിലും സ്വന്തമായ സവിശേഷതകളുള്ള പ്രാദേശികവും വിഭാഗീയവുമായ സംസ്കാരങ്ങൾ ഉരുകിച്ചേർന്നു് ആധുനിക അമേരിക്കൻ സംസ്കാരംപോലെ ഏകഘനമായ ഒരു ഭാരതീയ സംസ്കാരം ഇനിയും പൂർണമായി രൂപപ്പെട്ടുകഴിഞ്ഞിട്ടില്ല. ചുരുക്കത്തിൽ നിയതമായ അതിർത്തികളുള്ള ഒരു ഭൂപ്രദേശത്തു താമസിക്കുന്നു എന്നതും ഒരേ ഭരണവ്യവസ്ഥയ്ക്കു വിധേയരാണു് എന്നതും മാത്രമാണു സമകാലഭാരതത്തിലെ ജനസമൂഹങ്ങളുടെ ദേശീയതയ്ക്കു് ആധാരമായ ഭൗതികവസ്തുതകൾ. മുമ്പു പറഞ്ഞതുപോലെ ഒരേ ഭാഗധേയത്തിൽ പങ്കാളികളാണു തങ്ങളെന്നും ഒരേ ജീവിതലക്ഷ്യങ്ങളാണു തങ്ങളെ മുന്നോട്ടു നയിക്കുന്നതു് എന്നുമുള്ള അറിവിനെത്തുടർന്നു ജനസമൂഹങ്ങളിൽ സ്വയം ഉളവാകുന്ന ഐക്യബോധത്തെ ശക്തിപ്പെടുത്തുകയല്ലാതെ ഇന്ത്യയിൽ ദേശീയതയെ പോഷിപ്പിക്കുവാൻ വേറെ മാർഗമൊന്നുമില്ല.

ഒരു രാജ്യത്തിലെ ജനസമൂഹങ്ങളുടെ ഭാഗധേയത്തെ നിർണയിക്കുന്ന

ഭൗതിക സാഹചര്യങ്ങളെ രൂപപ്പെടുത്തുന്നതു് അവിടത്തെ ഭരണവ്യവസ്ഥയാകുന്നു. ഇന്ത്യയിലെ ഭരണവ്യവസ്ഥയുടെ ആധാരം നമ്മുടെ ഭരണഘടനയാണു്. ഈ ഭരണഘടന അതിന്റെ ആമുഖത്തിലും മൗലികാവകാശങ്ങളിലും (ഭാഗം 3) രാഷ്ട്രനയത്തിന്റെ നിർദേശകതത്ത്വങ്ങളിലും (ഭാഗം 4) മൗലിക കർത്തവ്യങ്ങളിലും (ഭാഗം 4–ക.) ആയി ഇന്ത്യയെന്ന രാഷ്ട്രത്തിലെ പൗരന്മാരുടെ പൊതുവായ ഭാഗധേയത്തെ വരച്ചുകാട്ടുകയും അവരുടെ ജീവിതലക്ഷ്യങ്ങൾക്കു ദിശാനിർണയം നൽകുകയും ചെയ്യുന്നുണ്ടു്.

പരമാധികാരമുള്ളതും സ്ഥിതിസമത്വാധിഷ്ഠിതവും മതനിരപേക്ഷവും ജനാധിപത്യഭരണം നിലവിലുള്ളതുമായിരിക്കും ഇന്ത്യയെന്ന രാഷ്ട്രമെന്നു ഭരണഘടനയുടെ ആമുഖം പ്രസ്താവിക്കുന്നു. ഈ രാഷ്ട്രത്തിലെ പൗരന്മാർക്കെല്ലാം സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ലഭിക്കും. അവർക്കു ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതാനുഷ്ഠാനങ്ങൾക്കും ആരാധനയ്ക്കും സ്വാതന്ത്ര്യമുണ്ടായിരിക്കും; പദവിയിലും അവസരത്തിലും അവർ സമന്മാരായിരിക്കും; അവരുടെ ഇടയിൽ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഉറപ്പുനൽകുന്ന സാഹോദര്യവും പുലരും. ഒരു ജനതയുടെ ഭാഗധേയമെന്നു പറയുമ്പോൾ നാം വിവക്ഷിക്കുന്നതു് ഇതൊക്കെത്തന്നെയാണു്. ഈ ഭാഗധേയത്തിൽ ഓരോ ഇന്ത്യക്കാരനും ഒരുപോലെ പങ്കാളിത്തമുണ്ടു്.

ഭരണഘടനയിലെ 'മൗലികാവകാശങ്ങൾ' എന്ന മൂന്നാം ഭാഗം ഈ രാഷ്ട്രത്തിലെ പൗരന്മാരുടെ ഭാഗധേയത്തെ കുറേക്കൂടി മൂർത്തമായി ചിത്രീകരിക്കുന്നു. പൗരന്മാരുടെ സമത്വം, സ്വാതന്ത്ര്യം, അവകാശങ്ങൾ എന്നീ സങ്കല്പനങ്ങൾ ഇവിടെ വിശദമായി നിർവചിക്കപ്പെട്ടിരിക്കുന്നു; അവയ്ക്കു നിയമപരമായ സംരക്ഷണം ഉറപ്പുവരുത്തപ്പെട്ടിരിക്കുന്നു.

കോടതിവിധികളിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചുള്ളവയല്ലെങ്കിലും, രാജ്യഭരണത്തിൽ മൗലികങ്ങളും നിയമനിർമാണത്തിൽ ഒരു കർത്തവ്യമെന്ന നിലയിൽ രാഷ്ട്രം പ്രയോഗത്തിൽ വരുത്തേണ്ടതുമായ തത്ത്വങ്ങൾ 'രാഷ്ട്രനയത്തിന്റെ നിർദേശക തത്ത്വങ്ങൾ' എന്ന ഭരണഘടനയുടെ നാലാം ഭാഗത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. രാഷ്ട്രത്തിൽ പൗരന്മാരുടെ പൊതുഭാഗധേയത്തെ സംബന്ധിച്ച് വ്യക്തമായ ധാരണ ഉളവാക്കാൻ സഹായിക്കുന്നതാണു് ഈ വിവരണവും.

പൗരന്മാർക്കു ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട ചില പൊതു ലക്ഷ്യങ്ങളാണു് 'മൗലിക കർത്തവ്യങ്ങൾ' എന്ന ഭരണഘടനയുടെ (4_ക.) ഭാഗത്തിൽ പ്രതിപാദിക്കുന്നതു്. രാഷ്ട്രത്തിന്റെ ആദർശങ്ങളെയും ചിഹ്നങ്ങളെയും ആദരിക്കുക, പരമാധികാരവും ഐക്യവും അഖണ്ഡതയും രാഷ്ട്രത്തിൽ നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക, ആവശ്യപ്പെടുമ്പോൾ ദേശീയസേവനം അനുഷ്ഠിക്കുക, മതപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കു് അതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ സൗഹാർദവും സാഹോദര്യവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിനു കുറവുവരുത്തുന്ന ആചാരങ്ങൾ ഉപേക്ഷിക്കുക, ഭാരതത്തിന്റേതായ സമ്മിളിത–സംസ്കാര പാരമ്പര്യം നിലനിർത്തുക, പരിസ്ഥിതിയെ സംരക്ഷിക്കുക, ശാസ്ത്രീയ മനോഭാവവും മനുഷ്യസ്നേഹവും അന്വേഷണ–പരിഷ്കരണ മനോഭാവവും വികസിപ്പിക്കുക, പൊതുസ്വത്തു സംരക്ഷിക്കുക, അക്രമം വർജിക്കുക, യത്നങ്ങളിലൂടെ ലക്ഷ്യപ്രാപ്തിയുടെ ഉന്നതതലങ്ങളിലേക്കു രാഷ്ട്രം ഉയരുമാറു വ്യക്തിപരവും സമഷ്ടിപരവുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കു വേണ്ടി അദ്ധ്വാനിക്കുക എന്നിവയാണു് ഈ കർത്തവ്യങ്ങളിൽ പ്രധാനപ്പെട്ടവ.

സംസ്കാരം, മതം, വംശം, ജാതി, ഭാഷ, ജനനപ്രദേശം എന്നിവയെ ഭാരതദേശീയതയുടെ അടിസ്ഥാനങ്ങളാക്കുക സാദ്ധ്യമല്ല. അതേസമയം,

രാഷ്ട്രത്തിനകത്തു ശിഥിലീകരണപ്രവണതകളെ തടുക്കുന്നതിനും ഭൗതികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ഉൽകൃഷ്ടങ്ങളായ നേട്ടങ്ങൾക്കുവേണ്ടി നിരന്തരം അദ്ധ്വാനിക്കുന്നതിനുള്ള പ്രചോദനം പൗരന്മാർക്കു നൽകുന്നതിനും നിർമാണാത്മകമായ ദേശീയതയെ നാം ശക്തിപ്പെടുത്തേണ്ടിയുമിരിക്കുന്നു. സുചിന്തിതവും വിസ്തൃതവുമായ നമ്മുടെ ഭരണഘടനയ്ക്കകത്തുതന്നെ ഇത്തരം ദേശീയതയുടെ സുദൃഢമായ ആധാരം നമുക്കു കണ്ടെത്താൻ കഴിയും. ഇന്ത്യയുടെ പൊതുവിദ്യാഭ്യാസ പദ്ധതിയിൽ ഭരണഘടനയുടെ മേല്പറഞ്ഞ ഭാഗങ്ങൾ നിർബന്ധമായി ഉൾപ്പെടുത്തുന്നതു ജനങ്ങൾക്കിടയിൽ ദേശീയതയെന്ന വികാരം ശക്തിപ്പെടുത്താൻ ഉപകരിക്കുമെന്നാണ് എന്റെ വിശ്വാസം.

(2 ജനവരി, 1988)